(സി) മൊബൈൽ യൂണിറ്റിലെ അംഗങ്ങളുടെയും ബന്ധപ്പെട്ട പി.എച്ച്.സി.-യിലെ ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം ജില്ലാ തലത്തിൽ വിളിച്ചുകൂട്ടി ടി യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകാറുണ്ട്.

(ഡി) ഓരോ മാസവും നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ഓഫീസിൽ അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ കുറവ്

92(784) ശ്രീ. എം. ഉമ്മർ :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെകുറവ് സുരക്ഷാ പരിശോധനകളെ സാരമായി ബാധിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ എത്ര ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പരിശോധനാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന ഭക്ഷ്യസാമ്പിളുകൾ പരിശോധിക്കാൻ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന്റെ വിശദവിവരം നൽകാമോ ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി സൃഷ്ടിക്കപ്പെട്ട 57 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകൾ ഉൾപ്പെടെ 80 ഒഴിവുകൾ പി.എസ്.സി.-ക്ക് ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെ 71 ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിശോധനാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന ഭക്ഷ്യസാമ്പിളുകൾ പരിശോധിക്കാൻ നിലവിൽ കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ഭക്ഷ്യസുരക്ഷാവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫുഡ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ പത്തനംതിട്ടയിൽ ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നു. പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനികളുടെ സാന്നിധ്യം കണ്ടെത്തുന്നതിനായി കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിന്റെ സേവനവും മത്സ്യസാമ്പിളുകൾ പരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കൊച്ചിയിലെ Centre Institute of Fisheries Technology (CIFT) ലാബിന്റെ സേവനവും ഉപയോഗപ്പെടുത്തിവരുന്നു. കൂടാതെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ അംഗീകരിച്ചിട്ടുള്ള ഏതാനും സ്വകാര്യ ലാബുകളുടെ സേവനവും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്.

പകർച്ചപ്പനി നേരിടുന്നതിനായി നീക്കിവച്ച തുക

93 (785) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പകർച്ചപ്പനി നേരിടുന്നതിനായി ഈ സർക്കാർ അധികാരത്തിൽവന്ന നാളിതുവരെ നീക്കിവച്ച തുക എത്ര ;

(ബി) നീക്കിവെച്ച തുകയിൽ ഇതിനകം എത്ര തുക ഏതൊക്കെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു ; വിശദമാക്കാമോ ?

ഉത്തരം

(എ) പകർച്ചപ്പനിക്കായിമാത്രം ഒരു തുക നീക്കിവച്ചിട്ടില്ല എന്നാൽ സാംക്രമിക രോഗങ്ങളുടെ പ്രതിരോധത്തിനും നിരീക്ഷണത്തിനുംവേണ്ടി നീക്കിവച്ച തുക കൂടെ ചേർക്കുന്നു. ഇതിൽ പനി പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള തുക ഉൾപ്പെട്ടിട്ടുണ്ട്.

2012-13 - 320 ലക്ഷം

2013-14 - 440 "

2014-15 - 438 "

ഇതുകൂടാതെ താൽക്കാലിക ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 2013-ൽ 7.87 കോടി രൂപയും 2014-ൽ 10 കോടി രൂപയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly